## പതിനാലാം കേരള നിയമസഭ
## പതിനെട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത — 03-02-2020 ൽ മറുപടിയ്ക്ക്

ചോദ്യം നമ്പർ : 348

# വിഴിഞ്ഞം തുറമുഖ പദ്ധതി സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് നടപടി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കെ. എസ്. ശബരീനാഥൻ :<br>ശ്രീ. വി. എസ്. ശിവകുമാർ :<br>ശ്രീ.എം.വിൻസെന്റ് :<br>ശ്രീമതി. ഷാനിമോൾ ഉസ്മാൻ : | ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി<br>( തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പ് മന്ത്രി) |
| (എ) വിഴിഞ്ഞം തുറമുഖ പദ്ധതിയുടെ പുലിമുട്ട് നിർമ്മാണത്തിന് ആവശ്യമായ പാറ അദാനി കമ്പനി സ്വന്തം നിലയിൽ ക്വാറികൾ ആരംഭിച്ച് കൊണ്ടുവരുമെന്ന ഉറപ്പ് പാലിക്കപ്പെട്ടിട്ടുണ്ടോ ; | (എ) കൺസഷൻ കരാർ പ്രകാരം തുറമുഖ നിർമ്മാണത്തിനാവശ്യമായ പാറ കണ്ടെത്തേണ്ടത് നിർമ്മാണ കമ്പനിയുടെ ചുമതലയാണ്. |
| (ബി) പുലിമുട്ട് നിർമ്മാണത്തിന്റെ പ്രവൃത്തികളിൽ എത്ര ശതമാനമാണ് ഇനിയും പൂർത്തിയാക്കുവാനുള്ളത്; ഇതിനായുള്ള പാറ എപ്രകാരമാണ് സംഘടിപ്പിക്കുന്നതെന്ന് വെളിപ്പെടുത്താമോ ; | (ബി) പുലിമുട്ട് നിർമ്മാണത്തിന്റെ 20%-മാത്രമാണ് പൂർത്തീകരിച്ചിട്ടുള്ളത്. കൺസഷൻ കരാർ പ്രകാരം തുറമുഖ നിർമ്മാണത്തിനാവശ്യമായ പാറ കണ്ടെത്തേണ്ടത് നിർമ്മാണ കമ്പനിയുടെ ചുമതലയാണ്. കമ്പനി ആവശ്യപ്പെട്ടതനുസരിച്ച് ക്വാറികൾക്ക് വിവിധ അനുമതികൾ നൽകുന്നതിനു വേണ്ടി സർക്കാർ ബന്ധപ്പെട്ട വകുപ്പുകൾക്ക് ആവശ്യമായ നിർദ്ദേശങ്ങൾ നൽകിവരുന്നുണ്ട്. തമിഴ് നാട്ടിൽ നിന്നും പാറ കൊണ്ടുവരുന്നതിനുള്ള ശ്രമങ്ങൾ നടത്തുന്നതായി അദാനി കമ്പനി അറിയിച്ചിട്ടുണ്ട്. |
| (സി) തുറമുഖ പദ്ധതി സമയബന്ധിതമായി പൂർത്തിയാക്കുവാൻ സാധിക്കുമെന്ന് സർക്കാർ വിലയിരുത്തുന്നുണ്ടോ ; | (സി) കൺസഷൻ കരാർ പ്രകാരം, 2015 ഡിസംബർ 5-ാം തീയതി നിർമ്മാണം ആരംഭിച്ച പദ്ധതിയുടെ ഒന്നാം ഘട്ടം 2019 ഡിസംബർ 3 ന് പൂർത്തീകരിക്കേണ്ടതായിരുന്നു. 3 മാസം പിഴ ഇല്ലാതെയും തുടർന്ന് 6 മാസം പിഴയോടുകൂടിയും ക്യൂറിംഗ് പീരീഡിന് കൺസഷൻ കരാറിൽ വ്യവസ്ഥയുണ്ട്. ഇതനുസരിച്ച് 2020 സെപ്തംബർ മാസത്തിൽ കമ്പനി പണി പൂർത്തീകരിക്കേണ്ടതാണ്. |

| | | | |
|---|---|---|---|
| (ഡി) | ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായ പ്രോജക്റ്റ് ഇംപ്ലിമെന്റേഷൻ കമ്മിറ്റിയും എംപവേർഡ് കമ്മിറ്റിയും പദ്ധതി സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് എന്തെല്ലാം നിർദ്ദേശങ്ങളാണ് നൽകിയിട്ടുള്ളത് എന്നറിയിക്കാമോ ? | (ഡി) | കൺസഷൻ കരാർ പ്രകാരം തുറമുഖ നിർമ്മാണത്തിനാവശ്യമായ നിർമ്മാണ സാമഗ്രികൾ കണ്ടെത്തേണ്ടത് നിർമ്മാണ കമ്പനിയുടെ ചുമതലയാണ്. കമ്പനി ആവശ്യപ്പെട്ടതനുസരിച്ച് ക്വാറികൾക്ക് വിവിധ അനുമതികൾ നൽകുന്നതിനു വേണ്ടി സർക്കാർ ബന്ധപ്പെട്ട വകുപ്പുകൾക്ക് ആവശ്യമായ നിർദ്ദേശങ്ങൾ നൽകിവരുന്നുണ്ട്. ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായ പ്രോജക്റ്റ് ഇംപ്ലിമെന്റേഷൻ കമ്മിറ്റിയും എംപവേർഡ് കമ്മിറ്റിയും പദ്ധതിയുടെ പുരോഗതി വിലയിരുത്തുകയും നിർമ്മാണവുമായി ബന്ധപ്പെട്ടുള്ള തടസ്സങ്ങൾ പരിഹരിക്കുന്നതിന് ആവശ്യമായ നിർദ്ദേശങ്ങൾ നൽകിവരുന്നുമുണ്ട്. |

Sheela

**സെക്ഷൻ ഓഫീസർ**